# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *502 – 19/11/2019 - ലെ മറുപടിക്ക്

## എഫ്.ആർ.ബി.എം. ആക്ട് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ

ചോദ്യം

ഉത്തരം

ശ്രീ. വി.ആർ. സുനിൽ കുമാർ
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. ഇ.കെ.വിജയൻ
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | കാലങ്ങളായി സംസ്ഥാനം അഭിമുഖീകരിച്ചു വരുന്ന നോൺ പ്ലാൻ റവന്യൂ അക്കൗണ്ടിലെ അസന്തുലിതാവസ്ഥ ലഘൂകരിക്കുന്നതിനും പരിഹരിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | നിലവിലെ സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയും ആനാവശ്യ ചെലവുകൾ ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നൽ നൽകികൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി വരുമാനം വർദ്ധിപ്പിക്കുന്നതിനും വിഭവ സമാഹരണത്തിനും ലക്ഷ്യമിട്ടുകൊണ്ട് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.<br>2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.<br>3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.<br>4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.<br>5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് |
| (ബി) | സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽനിന്നും വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് കണ്ടെത്തുന്ന അവസ്ഥയിലേക്ക് സംസ്ഥാനത്തിന് എത്താനാകുമോ; വ്യക്തമാക്കുമോ; | |
| (സി) | സംസ്ഥാനത്തിന്റെ വരുമാനവും വിഭവ സമാഹരണ ശേഷിയും വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | |

| | | |
|---|---|---|
| | | ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.<br>6. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യവൽക്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചിട്ടുണ്ട്.<br>7. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുക എന്ന ലക്ഷ്യത്തോടെ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>i. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സൂക്ഷ്മ പരിശോധന നടത്തി വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചു പിടിക്കാൻ കഴിയും.<br>ii. ജി.എസ്.ടി.ആർ-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3 ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>iii. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൽ.പി.ആർ) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കു വാഹനങ്ങളിലും ഈ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ |

| | | |
|---|---|---|
| | | പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഈ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതാണ്. ഈ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്.<br>iv. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.<br>v. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ച് വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്ക് സേവന നികുതി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നു. |
| (ഡി) | കേന്ദ്ര സർക്കാരിന്റെ എഫ്.ആർ.ബി.എം. ആക്ട് അനുസരിച്ച് സംസ്ഥാന സർക്കാരിന്മേലുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ അനുസരിച്ച് കേന്ദ്ര സർക്കാരിന് ബാധകമായിട്ടുള്ളതും സംസ്ഥാന സർക്കാരുകൾക്ക് ബാധകമായിട്ടുള്ളതുമായ ധനലക്ഷ്യങ്ങൾ ഉൾപ്പെടുത്തികൊണ്ടാണ് അതാത് സർക്കാരുകൾ എഫ്.ആർ.ബി.എം. ആക്ട് പുറപ്പെടുവിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| (ഇ) | എഫ്.ആർ.ബി.എം. ആക്റ്റ് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ സംസ്ഥാനത്തിന്റെ വികസനത്തിന് ഏതൊക്കെ തരത്തിലാണ് പ്രതിബന്ധമാകുന്നതെന്ന് വ്യക്തമാക്കുമോ; | 14-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമാണ് സംസ്ഥാനത്തിന്റെ ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് ഭേദഗതി ചെയ്യുകയും ധനകമ്മി ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുള്ളത്. ഇപ്രകാരം സംസ്ഥാനത്തിന്റെ ധനകമ്മി 3 ശതമാനമായി നിലനിറുത്തേണ്ടതുണ്ട്. ഇതനുസരിച്ച്, കേന്ദ്ര സർക്കാർ അനുവദിച്ച് നൽകുന്ന കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടു മാത്രമേ സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയുകയുള്ളൂ.<br>കൂടാതെ, 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിനുമേൽ അധികരിക്കുന്ന വായ്പ വരും വർഷങ്ങളിലെ കടമെടുപ്പ് പരിധിയിൽ നിന്ന് കുറവ് ചെയ്യുന്ന തരത്തിൽ കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.<br>നോട്ട് നിരോധനത്തെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക അനിശ്ചിതാവസ്ഥയും ജി.എസ്.ടി നടപ്പിലാക്കിയതിനു ശേഷം സംസ്ഥാന നികുതി വരുമാനത്തിലുണ്ടായ കുത്തനെയുള്ള ഇടിവിന്റേയും പ്രളയം മൂലം ഉണ്ടായിട്ടുള്ള സാമ്പത്തിക ആഘാതത്തിന്റെയും പശ്ചാത്തലത്തിൽ വികസന പ്രവർത്തനങ്ങൾക്കും പ്രളയനന്തര പുനർനിർമ്മാണത്തിനും ആവശ്യമായ വിഭവ സമാഹരണത്തിന് നിലവിലെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ, ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്റ്റ് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഇതിനു വിലങ്ങുതടി ആകുന്നു. |
| (എഫ്) | കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങളും ആവർത്തിച്ചുള്ള പ്രളയവും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ എത്രമാത്രം പിന്നോട്ടടിച്ചുവെന്ന് വ്യക്തമാക്കുമോ? | കേന്ദ്രസർക്കാർ കൈക്കൊണ്ടവികലമായ സാമ്പത്തികനയങ്ങളുടേയും നോട്ട് നിരോധനത്തിന്റേയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടേയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റേയും |

| | | |
|---|---|---|
| | | ചരക്ക്സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃതവായ്പ പരിധി വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷികവായ്പാ പരിധിയ്ക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാപരിധി ഉയർത്തുന്നതിനോ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തലസൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർസൃഷ്ടിക്കേണ്ടതുമുണ്ട്. |

**സെക്ഷൻ ഓഫീസർ**